**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1156** **15-10-2026-ൽ മറുപടിയ്ക്ക്**

**പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജിന് മുന്നിലെ ട്രക്ക് ബേ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജിന് മുൻവശം ആറുവരിപ്പാതയുടെ സർവ്വീസ് റോഡിനോട് ചേർന്ന് ആരംഭിച്ചിരിക്കുന്ന ട്രക്ക് ബേയുടെ നിർമാണപ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ജില്ലാ ഭരണകൂടം, മോട്ടോർ വാഹന വകുപ്പ് (MVD), ബന്ധപ്പെട്ട പോലീസ് അധികാരികൾ എന്നിവരുമായി സമഗ്രമായ ഏകോപനം നടത്തിയാണ് ട്രക്ക് ലേ-ബൈയുടെ സ്ഥാനം ദേശീയ പാത അതോറിറ്റി അന്തിമമാക്കിയത്. കൂടാതെ, കേന്ദ്രഗവൺമെന്റിന്റെയും (MoRTH) ദേശീയപാത അതോറിറ്റിയുടെയും മാർഗനിർദേശങ്ങൾ അനുസരിച്ചുള്ള സാങ്കേതിക ആവശ്യകതകളുടെ അടിസ്ഥാനത്തിലാണ് സ്ഥലം നിശ്ചയിച്ചിട്ടുള്ളത്. ട്രക്ക് ലേ-ബൈ ആറുവരിപ്പാത കി.മീ. 121+700(RHS)-ലും മെഡിക്കൽ കോളേജ് ഇടതുവശത്തുമാണ് (LHS) സ്ഥിതിചെയ്യുന്നത്.

**(ബി)** പ്രസ്തുത നിർമ്മാണം കാരണം മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സമീപത്തെ സ്കൂളുകൾ, ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവയ്ക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിസ്ഥിതി മലിനീകരണവും അപകടസാധ്യതകളും സംബന്ധിച്ച് പരിയാരം വികസന സമിതി നൽകിയ നിവേദനം ലഭ്യമായിട്ടുണ്ടോ;

**മറുപടി:** ഉണ്ട്.

**(സി)** ഗ്യാസ് കണ്ടെയ്നറുകൾ, രാസവസ്തുക്കൾ, മത്സ്യ ലോറികൾ എന്നിവയുൾപ്പെടെയുള്ള ചരക്കുവാഹനങ്ങൾ ജനവാസ മേഖലയിലും അലക്ഷ്യംതോടിന് സമീപത്തും പാർക്ക് ചെയ്യുന്നത് മൂലമുണ്ടാകുന്ന ഗുരുതരമായ സുരക്ഷാ-പരിസ്ഥിതി പ്രശ്നങ്ങൾ പരിഗണിച്ചിട്ടുണ്ടോ;

**മറുപടി:** ട്രക്ക് ലേ-ബൈ ബന്ധപ്പെട്ട MoRTH(Ministry of Road Transport and Highways), IRC(Indian Roads Congress) മാനദണ്ഡങ്ങൾ അനുസരിച്ചാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. അവ അനുസരിച്ച് ആവശ്യമായ എല്ലാ സുരക്ഷാ മുൻകരുതൽ നടപടികളും സ്വീകരിച്ചുവരുന്നതായി ദേശീയ പാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**(ഡി)** പ്രദേശവാസികളുടെയും രോഗികളുടെയും പ്രയാസങ്ങൾ കണക്കിലെടുത്ത് നിലവിലെ ട്രക്ക് ബേ നിർമാണം അടിയന്തിരമായി നിർത്തിവെക്കാനും, ഇത് ജനവാസം കുറഞ്ഞ വിജനമായ മറ്റ് പ്രദേശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**